## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം : 2171 — 18-12-2012 ൽ മറുപടിക്ക്

## വൈദ്യുതി ലൈനിലെ അറ്റകുറ്റപണികൾക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. എ.എം. ആരിഫ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണികൾക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) മുൻകാലഘട്ടങ്ങളിൽ ഉണ്ടായിട്ടുള്ള അപകടങ്ങളുടെ കണക്കുകൾ പരിശോധിച്ചാൽ വൈദ്യുതി ലൈനിലെ അറ്റകുറ്റപണി ചെയ്യുന്ന സമയത്ത് അപകടം സംഭവിക്കുന്നതിൽ വർഷം തോറും ഏറ്റക്കുറച്ചിലുകൾ ഉണ്ടാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം അപകടങ്ങളിൽ മരണമടയുന്ന സ്ഥിരം തൊഴിലാളികളുടെയും കരാർ തൊഴിലാളികളുടെയും കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (ബി) വൈദ്യുതി ബോർഡിൽ ജോലി ചെയ്യുന്നതിനിടെ അപകട മരണം സംഭവിക്കുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് താഴെപ്പറയുന്ന സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.<br><br>1. <u>സ്ഥിരം തൊഴിലാളികൾ</u><br><br>(എ) പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് ലഭിക്കുന്നതിന് അർഹതയുണ്ട്.<br><br>(ബി) വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര |

ആനുകൂല്യമായി 5 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരം 8 ലക്ഷം രൂപ ഇൻഷുറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിയ്ക്കുവാൻ അർഹതയുണ്ട്.

(ഡി) ശവസംസ്കാര ചെലവിനായി 5,000/- രൂപ ലഭിയ്ക്കുവാൻ അർഹതയുണ്ട്.

(ഇ) 2011 ലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ ചികിത്സാ ചെലവിനും അർഹതയുണ്ട്.

(എഫ്) അപകട മരണം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ആശ്രിത നിയമനത്തിന് അർഹതയുണ്ട്.

2. <u>കരാർ തൊഴിലാളികൾ</u>

3 ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴപ്പറയുന്ന സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

(എ) പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480/-രൂപ മുതൽ 9,14,160/-രൂപ വരെ നഷ്ടപരിഹാരം ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

(ബി) ശവസംസ്കാര ചെലവിനായി 5,000/- രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.

| | |
|---|---|
| (സി) ഗുരുതരമായി പരിക്കേറ്റ് തൊഴിൽ ചെയ്യാൻ കഴിയാത്ത അവസ്ഥയിലാവുന്ന സ്ഥിരം കരാർ തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നിലവിൽ ലഭ്യമാക്കുന്നത് ; | (സി) ഗുരുതരമായി പരിക്കേറ്റ് തൊഴിൽ ചെയ്യാൻ കഴിയാത്ത അവസ്ഥയിലാവുന്ന സ്ഥിരം, കരാർ തൊഴിലാളികൾക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. |

<u>സ്ഥിരം തൊഴിലാളികൾ</u>

1. സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ അവശതാനഷ്ടപരിഹാരം.
2. അപകടം സംഭവിക്കുന്ന തൊഴിലാളിയ്ക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശുപാർശ ചെയ്തുകൊണ്ട് ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ കേരള സർവ്വീസ് നിയമം അനുശാസിക്കുന്ന പ്രത്യേക അവശതാ അവധിയോ അർദ്ധ മാസികാ വേതനമോ നൽകുന്നു.
3. 2011 ലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

<u>കരാർ തൊഴിലാളികൾ</u>

3 ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

1. സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ അവശതാ നഷ്ടപരിഹാരം.
2. അപകടം സംഭവിക്കുന്ന തൊഴിലാളിയ്ക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശുപാർശ ചെയ്തുകൊണ്ട് ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിൻറെയും അടിസ്ഥാനത്തിൽ അർദ്ധ മാസികാ വേതനം.

| | | | |
|---|---|---|---|
| (ഡി) | ഇത്തരത്തിൽ അപകടത്തിൽ പ്പെട്ട് ജോലി ചെയ്യാൻ സാധിക്കാത്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ഡി) | അപകടത്തിൽപ്പെട്ട് ജോലി ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലാകുന്ന തൊഴിലാളികൾക്ക് നൽകേണ്ടി വരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതിന് ആവശ്യമായ വിവിധ രേഖകൾ/പ്രമാണങ്ങൾ എന്നിവ പരിശോധിച്ചശേഷം ബോർഡിൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി അർഹത പരിശോധിച്ച്, കോടതി വ്യവഹാരങ്ങളിലൂടെ പലിശയിനത്തിൽ ബോർഡിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാത്ത തരത്തിൽ, അടിയന്തിരമായി നഷ്ടപരിഹാരം നൽകുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ